**19 (3345) കെ.എഫ്.സി. അനുവദിക്കുന്ന സബ്സിഡി ലഭിച്ചില്ലെന്ന പരാതി**

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കള്ളിക്കാട് വില്ലേജിൽ ദേവി സാമിൽ ആന്റ് മിനിവുഡ് ഇൻഡസ്ട്രീസ് ഉടമ ശ്രീമതി ബി. സരോജം അവരുടെ സ്ഥാപനത്തിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പുതിയ വ്യവസായങ്ങൾക്ക് അനുവദിക്കുന്ന സബ്സിഡി അനുവദിച്ചത് ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന് പരാതിപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കെ.എഫ്.സി. ഇവർക്ക് സബ്സിഡി എന്നാണ് അനുവദിച്ചതെന്നും സബ്സിഡി തുക എത്ര രൂപയാണെന്നും ഇതുവരെ തുക കൊടുത്തു തീർത്തിട്ടില്ലെങ്കിൽ അതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്ക് സബ്സിഡി അനുവദിച്ച തീയതി മുതൽ തുക നൽകിയ തീയതിവരെയുള്ള പലിശ കൂടി നല്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

ഇതിൻപ്രകാരം 30-9-97-ൽ കൂടിയ ജില്ലാതല കമ്മിറ്റിയോഗം ഈ വ്യവസായ സംരംഭത്തിന് 75658 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

(ബി) 75658 രൂപ 30-9-97-ൽ അനുവദിച്ചു. തുക ഇതുവരെ കൊടുത്തു തീർന്നിട്ടില്ല. വ്യവസായ വകുപ്പിൽനിന്നും ഫണ്ട് ലഭിക്കാതിരുന്നതിനാലാണ് തുക നൽകാതിരുന്നത്.

(സി) സബ്സിഡി തുകയ്ക്ക് പലിശ നൽകാൻ വ്യവസ്ഥയില്ല.

**20 (3346) വാഹനം വാങ്ങാൻ വായ്പ നല്കുന്ന സ്ഥാപനങ്ങൾ**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനം വാങ്ങുവാൻ വായ്പ നല്കുന്ന സ്വകാര്യ ഫൈനാൻസ് സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(ബി) ലൈസൻസ്, രജിസ്ട്രേഷൻ തുടങ്ങിയ എന്തെങ്കിലും ഉപാധികൾ ഇത്തരം സ്ഥാപനങ്ങളുടെ മേൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൽ നിന്നുള്ള ശരാശരി പ്രതിവർഷ വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾ അനിയന്ത്രിതവും അമിതവുമായ പലിശ ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly